**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3975** **17-03-2025 - ൽ മറുപടിയ്ക്ക്**

**ക്യാൻസർ പരിചരണത്തിനായി ക്യാൻസർ ഗ്രിഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെമ്പാടും ഒരേ തരത്തിൽ ഉയർന്ന നിലവാരമുള്ള ക്യാൻസർ പരിചരണം ലഭ്യമാക്കുവാൻ ക്യാൻസർ ഗ്രിഡ് രൂപീകരിച്ചിട്ടുണ്ടോ;<br>വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് മുൻകൂർ രോഗനിർണയത്തിനും ചികിത്സയ്ക്കുമായി സമൂഹത്തിലെ എല്ലാ തട്ടിലുമുള്ള ജനങ്ങൾക്കും ഉപകാരപ്രദമാകുന്ന രീതിയിൽ ക്യാൻസർ പരിരക്ഷ ഉറപ്പാക്കുന്നതിനാണ് സംസ്ഥാന ഗവൺമെന്റ് കാൻസർ ഗ്രിഡ് രൂപീകരിച്ചത്. ഇതിലൂടെ വ്യക്തികൾക്ക് അവർ താമസിക്കുന്ന സ്ഥലത്ത് നിന്നും 50 കിലോമീറ്റർ ചുറ്റളവിൽ രോഗ നിർണ്ണയത്തിനും ചികിത്സക്കും സൗകര്യമുള്ള ആശുപത്രികളുടെ സേവനം തേടാവുന്നതാണ്. കൂടാതെ 2025, ഫെബ്രുവരി നാല് മുതൽ മാർച്ച് 8 വരെ നടന്ന 'ആരോഗ്യം ആനന്ദം, അകറ്റാം അർബുദം' എന്ന ആദ്യഘട്ടത്തിലെ ക്യാമ്പയിനിൽ പങ്കെടുത്തതും, തുടർ പരിശോധനകൾ ആവശ്യമായി വരുന്നവർക്കും ഗ്രിഡ് ആശുപത്രികളുടെ സൗകര്യം ഉപകാരപ്രദമായിട്ടുണ്ട്.<br><br>നിർവചിക്കപ്പെട്ട സേവനങ്ങൾ വാഗ്ദാനം ചെയ്യുന്ന ആരോഗ്യ സ്ഥാപനങ്ങളുടെ ഒരു ശൃംഖലയായാണ് കാൻസർഗ്രിഡ് വിഭാവനം ചെയ്തിരിക്കുന്നത്. അത്തരത്തിൽ സംസ്ഥാനത്തെ അർബുദ ചികിത്സാ സേവനങ്ങളെ, അവിടെ ലഭ്യമായ നിർണ്ണയ ചികിത്സാ സൗകര്യങ്ങൾക്കനുസരിച്ച് നാല് തലങ്ങളായി തരം തിരിച്ചിരിക്കുന്നു.<br><br>1) ലെവൽ 4: മൂന്ന് അപ്പെക്സ് കാൻസർ സെന്ററുകൾ (എംസിസി (PGIOSR), സിസിആർസി, ആർസിസി)<br><br>2) ലെവൽ 3: ഓങ്കോളജി വിഭാഗമുള്ള മെഡിക്കൽ കോളേജുകൾ<br><br>3) ലെവൽ 2: ജില്ലാആശുപത്രികൾ<br><br>4) ലെവൽ 1 a (FHC, PHC, CHC), ലെവൽ 1 b (താലൂക്ക് ആശുപത്രികൾ, CHC) എന്നിവ |

കേരളത്തിലെ നിലവിലെ കാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകുന്നതിനും, സമയബന്ധിതമായി അവ നടപ്പിലാക്കുന്നതിനും ആവശ്യമായ നിർദേശങ്ങളും തന്ത്രങ്ങളും അടങ്ങിയ "കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി 2018-30" (KCCS 2018-30) എന്ന നയരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിലെ അർബുദ രോഗവിദഗ്ധർ വിവിധ തലങ്ങളിൽ ചർച്ച ചെയ്താണ് ഈ നയരേഖ തയ്യാറാക്കിയിട്ടുള്ളത് .കാൻസർ നിയന്ത്രണത്തിന്റെ എല്ലാവശങ്ങളും ഉൾക്കൊള്ളുന്ന സമഗ്രമായ സമീപനമാണ് കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി. അർബുദ ബാധിതരാകുന്നവരുടെ എണ്ണത്തിൽ കുറവ് വരുത്തുവാനും, അർബുദമരണങ്ങൾ കുറയ്ക്കുവാനും, അർബുദ രോഗികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാനുമാണ് ഈ പരിപാടികൊണ്ട് ലക്ഷ്യമിടുന്നത്. ലഭ്യമായ വിഭവശേഷി ഉപയോഗിച്ച് രോഗനിർണയം, ചികിത്സ, പ്രതിരോധം, എന്നിവ ശാസ്ത്രീയ അടിസ്ഥാനത്തിൽ നടപ്പിലാക്കുവാനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും അർബുദം നേരത്തെ കണ്ടെത്താനുള്ള സൗകര്യം ഒരുക്കുക, താലൂക്ക്, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ തുടർ പരിശോധനകൾക്കും, ജില്ലാ ആശുപത്രികളിൽ അടിസ്ഥാന അർബുദ ചികിത്സകൾക്കും സൗകര്യം ഒരുക്കുക, മെഡിക്കൽ കോളേജുകളിൽ സമഗ്രവും നൂതനവുമായ ചികിത്സയും ലഭ്യമാക്കുക എന്നിവ ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നു. ഇതിന്റെ ഭാഗമായി എംസിസിയിൽ റോബോട്ടിക്ക് ശസ്ത്രക്രിയ സംവിധാനവും, ഡിജിറ്റൽ പാത്തോളജി സംവിധാനവും ഒരുക്കിയിട്ടുണ്ട്. കാൻസർ കെയർ ഗ്രിഡിലെ ഉചിതമായ സ്ഥാപനത്തിൽ നിന്ന് രോഗിക്ക് ഗുണമേന്മയുള്ള പരിചരണം ലഭിക്കുമെന്നതിനാൽ ഇത് അനാവശ്യ യാത്രകൾ കുറയ്ക്കുകയും, രോഗനിർണയത്തിനും തുടർ പരിചരണത്തിനും സഹായകരമാവുകയും ചെയ്യും. അത്തരത്തിൽ ക്യാൻസർ രോഗികളെയും രോഗ ചികിത്സാ സംവിധാനങ്ങളെയും രോഗനിർണയ ലാബുകളെയും, ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളെയും ഏകോപിപ്പിക്കുന്നതിന് ഓരോ ജില്ലകളിലും തയ്യാറാക്കിയിട്ടുള്ള ഒരു നെറ്റ്‌വർക്ക് ആണ് ക്യാൻസർ ഗ്രിഡ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിലൂടെ ഒരു രോഗിക്ക് ഏറ്റവും അടുത്തുള്ള ചികിത്സാകേന്ദ്രത്തിൽ തന്നെ പ്രാഥമിക രോഗ നിർണയ പരിശോധനകൾ നടപ്പിലാക്കാൻ സാധിക്കുന്നതും തുടർ പരിശോധനകളും തുടർ ചികിത്സകളും ആവശ്യമായി വന്നാൽ അവ

| | | | |
|---|---|---|---|
| | | | ലഭ്യമായിട്ടുള്ള കേന്ദ്രങ്ങൾ വ്യക്തമായി പ്രതിപാദിക്കുന്ന ഈ സംവിധാനത്തിലൂടെ രോഗികൾക്കും സേവന ദാതാക്കൾക്കും അനായാസം രോഗത്തിന്റെ പരിചരണം ലഭ്യമാക്കാനും അനാവശ്യമായ പണച്ചെലവും മറ്റ് ബുദ്ധിമുട്ടുകളും ഒഴിവാക്കാനും സാധിക്കുന്നു. ഇതിലൂടെ ഏകീകൃത ചികിത്സാ പ്രോട്ടോക്കോളും മാർഗ്ഗനിർദ്ദേശങ്ങളും സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ആരോഗ്യവകുപ്പുമായും ആരോഗ്യ വകുപ്പ് പുറത്തിറക്കിയിട്ടുള്ള പ്രോട്ടോക്കോളുകളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ചിട്ടുള്ളതുമായ ക്യാൻസർ ചികിത്സ കേന്ദ്രങ്ങളെയാണ് ക്യാൻസർ ഗ്രിഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ ഏകീകൃതമായ മാനദണ്ഡങ്ങളും പ്രവർത്തന രീതികളും ആയിരിക്കും ഗ്രിഡിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളെല്ലാം തന്നെ അവലംബിക്കുന്നത്. ഇതിലൂടെ എല്ലാ ജില്ലയിലും ഉള്ളവർക്ക് ശാസ്ത്രീയവും ചിലവ് കുറഞ്ഞതുമായ ചികിത്സാരീതികൾ അവലംബിക്കാൻ സാധിക്കും. പ്രധാനമായും സർക്കാർ മേഖലയിലുള്ള ക്യാൻസർ ചികിത്സ കേന്ദ്രങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു പദ്ധതിയായി ആരംഭിച്ചിട്ടുള്ള ഈ ഗ്രിഡിൽ സ്വകാര്യ സംരംഭകരെയും ആശുപത്രികളെയും സന്നദ്ധ സംഘടനകളെയും ഉൾപ്പെടുത്തിക്കൊണ്ട് പദ്ധതി വിപുലീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ബി) | ക്യാൻസർ പരിചരണത്തിനായി ഏകീകൃത ചികിത്സാ പ്രോട്ടോകോളുകളും മാർഗനിർദ്ദേശങ്ങളും സാധ്യമാക്കാൻ ക്യാൻസർ ഗ്രിഡിലൂടെ കഴിയുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാന ആരോഗ്യവകുപ്പുമായും ആരോഗ്യവകുപ്പ് പുറത്തിറക്കിയിട്ടുള്ള പ്രോട്ടോക്കോളുകളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ചിട്ടുള്ളതുമായ ക്യാൻസർ ചികിത്സ കേന്ദ്രങ്ങളെയാണ് ക്യാൻസർ ഗ്രിഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ ഏകീകൃതമായ മാനദണ്ഡങ്ങളും പ്രവർത്തന രീതികളുമാണ് ഗ്രിഡിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളെല്ലാം തന്നെ അവലംബിക്കുന്നത്. ഇതിലൂടെ എല്ലാ ജില്ലയിലും ഉള്ളവർക്ക് ശാസ്ത്രീയവും ചിലവ് കുറഞ്ഞതുമായ ചികിത്സാരീതികൾ അവലംബിക്കാൻ സാധിക്കും. പ്രധാനമായും സർക്കാർ മേഖലയിലുള്ള ക്യാൻസർ ചികിത്സ കേന്ദ്രങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു പദ്ധതിയായി ആരംഭിച്ചിട്ടുള്ള ഈ ഗ്രിഡിൽ സ്വകാര്യ സംരംഭകരെയും ആശുപത്രികളെയും സന്നദ്ധ സംഘടനകളെയും ഉൾപ്പെടുത്തിക്കൊണ്ട് പദ്ധതി വിപുലീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (സി) | സംസ്ഥാനത്ത് ക്യാൻസർ ചികിത്സ, ഗവേഷണം എന്നീ രംഗങ്ങളിൽ വലിയ മുന്നേറ്റം ഉണ്ടാക്കാനായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്യാൻസർ ചികിത്സാരംഗത്ത് അതിനൂതനമായ ഒട്ടനവധി ചികിത്സാ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |

ക്യാൻസർ രോഗനിർണയത്തിന്റെ ഭാഗമായി പ്രാഥമികതലത്തിലുള്ള എല്ലാ ആശുപത്രികളിലും ഗർഭാശയഗളാർബുദം, വദനാർബുദം, സ്തനാർബുദം എന്നിവ കണ്ടെത്തുന്നതിനുള്ള പ്രാരംഭപരിശോധന ക്ലിനിക്കുകളും വികേന്ദ്രീകൃത ക്യാൻസർ ചികിത്സയുടെ ഭാഗമായി 25 ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട് "ആരോഗ്യം ആനന്ദം - അകറ്റാം അർബുദം" എന്ന ബൃഹത് ക്യാൻസർ നിർണയ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയതിലൂടെ ഒരുമാസകാലയളവിൽ ഏകദേശം 12 ലക്ഷത്തോളം പേർക്ക് ക്യാൻസർ സ്ക്രീനിംഗ് നടത്തുകയുണ്ടായി. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 30 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്ക് വേണ്ടി മാത്രമായി നടത്തിയ ക്യാമ്പയിനിൽ പങ്കെടുത്ത 45,000 ഓളം പേരെ ക്യാൻസർ സ്ഥിരീകരണത്തിന്റെ ഭാഗമായി വിവിധ പരിശോധനകൾക്ക് റഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ക്യാൻസറിനെകുറിച്ചുള്ള ഗവേഷണം നടപ്പിലാക്കേണ്ടത് റീജിയണൽ ക്യാൻസർ സെന്ററുകളും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളുമാണ്. കൂടാതെ ക്യാൻസർ കണ്ടെത്തുന്നതിനുള്ള ഇമേജിംഗ് പരിശോധനകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പെറ്റ് സ്കാൻ,സ്പെക്ട് സ്കാൻ, മാമോഗ്രാഫി, മുതലായ അത്യാധുനിക സൗകര്യങ്ങൾ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ട്. നൂതന റേഡിയേഷൻ ചികിത്സ നൽകുന്നതിനായി High Energy Linear Acceleration (LINAC) മെഷീനുകൾ, Telecobalt മെഷീൻ, ബ്രാക്കി തെറാപ്പി സൗകര്യങ്ങൾ റേഡിയേഷൻചികിത്സ കൃത്യമായി പ്ലാൻ ചെയ്യുന്നതിനുള്ള സി.റ്റി സിമുലേറ്ററുകൾ എന്നിവയും മെഡിക്കൽ കോളേജിൽ നിലവിലുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയേഷൻ ചികിത്സയ്ക്കായുള്ള 3DCRT,JMRT.Arc therapy,എന്നിവ നൽകി വരുന്നുണ്ട്. കോട്ടയം മെഡിക്കൽ കേളേജിൽ 2022 ൽ സർജിക്കൽ ഓങ്കോളജി വിഭാഗം ആരംഭിച്ചുകൊണ്ട് സർജിക്കൽ ഓങ്കോളജിയും മറ്റു ഡിപ്പാർട്ടുമെൻറുകളുമായി ചേർന്ന് ആധുനിക ക്യാൻസർ ശസ്ത്രക്രിയകൾ നടത്തി വരുന്നു. BMT ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതു കൂടാതെ പാലിയേറ്റീവ് ഓങ്കോളജി കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ആരംഭിച്ചിട്ടുണ്ട്. ക്യാൻസർ ഗവേഷണ 5 KMR,SBMR, State- Central സംയുക്ത പ്രൊജക്റ്റുകളും നടന്നു വരുന്നു.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ സർജിക്കൽ ഓങ്കോളജി വിഭാഗത്തിലെ രണ്ടു ഡോക്ടർമാരും അഡ്വാൻസ്ഡ് ലാപ്രസ്കോപ്പിക്, തൊറാക്കോസ്കോപ്പിക് ശസ്ത്രക്രിയകളിൽ പരിശീലനം ഉള്ളവരാണ്.

കോഴിക്കോട് മെഡിക്കൽ കോളേജിൽ ത്രിതല ക്യാൻസർ സെൻറർ നിലവിൽ വന്ന റേഡിയേഷൻ ഓങ്കോളജിയിൽ അതിനൂതനമായ ലീനിയർ അക്സിലേറ്റർ സ്ഥാപിച്ചു. ബ്രാക്കി തെറാപ്പിയിൽ ആവശ്യമായ ഇൻടാ ഓപ്പറേറ്റീവ് ബ്രാക്കിതെറാപ്പി ഇവിടെ ചെയ്യുന്നു. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ക്യാൻസർ രോഗ വിഭാഗത്തിൽ പുതുതായി മെഡിക്കൽ ഓങ്കോളജി തസ്തിക അനുവദിച്ചിട്ടുണ്ട്.

എല്ലാ മെഡിക്കൽ കോളേജുകളിലും ക്യാൻസർ സംബന്ധമായ ഗവേഷണങ്ങൾ അദ്ധ്യാപകരും, പി.ജി വിദ്യാർത്ഥികളും ചേർന്ന് നടത്തി വരുന്നുണ്ട്. SBMR വഴി ഗവേഷണങ്ങൾക്ക് റിസർച്ച് ഗ്രാൻറ് അനുവദിക്കുന്നുണ്ട്. അതോടൊപ്പം തന്നെ ചില മെഡിക്കൽ കോളേജുകളിൽ ICMR സഹായത്തോടെ ക്യാൻസർ ഗവേഷണം നടക്കുന്നുണ്ട്. ഗവേഷണങ്ങളിലൂടെ ലഭ്യമാകുന്ന പഠന റിപ്പോർട്ടുകൾ ദേശീയ-അന്തർ ദേശീയ നിലവാരമുള്ള ജേർണലുകളിൽ പ്രസിദ്ധീകരിക്കുന്നുമുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയോതെറാപ്പി വിഭാഗത്തിൽ ക്യാൻസർ ചികിത്സ മെച്ചപ്പെടുത്തുന്നതിനുള്ള ഭാഗമായി അതി നൂതനമായ റേഡിയേഷൻ ചികിത്സ ഉപകരണങ്ങളായ Telecobalt (2021), High Energy Linear Accelerator (2022), CT Stimulator (2024), Treatment Planning Syestem High Precision, State of the Art ചികിത്സയ്ക്കായി പ്രവർത്തനം ആരംഭിച്ചു. ഈ സംവിധാനങ്ങൾ വഴി നൂതന റേഡിയേഷൻ ചികിത്സാ രീതികളായ 3DCRT, IMRT, Arc Therapy, എന്നിവ നൽകുന്നു. ചികിത്സാ രീതികൾ സർക്കാർ സ്കീമുകളായ KASP,KBF, MEDISEP, ESI, എന്നിവ മുഖേന പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി നൽകുന്നതോടൊപ്പം ഈ സ്കീമുകൾ വഴി വിലയേറിയ ക്യാൻസർ മരുന്നുകളും സൗജന്യമായി നൽകുന്നു. 2022 ൽ ഡിപ്പാർട്ട്മെൻറ് ഓഫ് ഓങ്കോളജി മെഡിക്കൽ കോളേജിൽ ആരംഭിച്ചതോടൊപ്പം തന്നെ റേഡിയേഷൻ ടെക്നോളജിയിൽ പുതിയ ഡിഗ്രി കോഴ്സ് BSC RTT 2023-ൽ ആരംഭിച്ചു.

പി.എസ്.സി വഴി മെഡിക്കൽ ഓങ്കോളജി യോഗ്യതയുള്ള ഒരു അസിസ്റ്റൻറ് പ്രൊഫസറിനെ പുതുതായി നിയമിച്ചു.

കേരളത്തിൽ 2018 മുതൽ 2030 വരെ ക്യാൻസർ പ്രതിരോധം, നിയന്ത്രണം എന്നിവ ഫലപ്രദമായി നടപ്പിലാക്കുവാൻ 'കേരള കാൻസർ സ്ട്രാറ്റജി' എന്ന ഒരു മാർഗ്ഗരേഖയും തയ്യാറാക്കിയിട്ടുണ്ട്. ഇതിന് പുറമേ കേരള കാൻസർ ഗ്രിഡ് എന്ന ആശയത്തിലൂടെ കാൻസർ നിർണയം, ചികിത്സ എന്നിവയ്ക്ക്പ്രാധാന്യം നൽകിക്കൊണ്ട് സാധാരണക്കാർക്ക് രോഗനിർണയവും ചികിത്സയും ഉറപ്പാക്കുവാനുള്ള പദ്ധതിയും ഇതിന്റെ ഫല പ്രാപ്തിക്കായി സ്റ്റേറ്റ് കാൻസർ കൺട്രോൾ ബോർഡും രൂപീകരിച്ചിട്ടുണ്ട്. ഇതിന് പുറമേ ജില്ലാതലത്തിൽ കാൻസർ നിർണയവും നിയന്ത്രണവും ഏകോപിച്ച് മുന്നോട്ടു കൊണ്ടുപോകുവാനായി ജില്ലാ കളക്ടർ ചെയർമാൻ ആയിട്ടുള്ള ജില്ലാ കാൻസർ കൺട്രോൾ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. സ്ത്രീകളിലുള്ള കാൻസറുകൾ കൂടി വരുന്ന സാഹചര്യത്തിൽ പ്രധാനപ്പെട്ട കാൻസറുകളായ സ്തനാർബുദവും, ഗർഭാശയ ഗള കാൻസറും നേരത്തെ കണ്ടുപിടിക്കുവാനായി ഈ വർഷം ഫെബ്രുവരി 4 മുതൽ മാർച്ച് 8 വരെ നടന്ന 'ആരോഗ്യം ആനന്ദം അകറ്റാം അർബുദം' എന്ന ക്യാമ്പയിനിലൂടെ 12 ലക്ഷത്തിൽ പരം സ്ത്രീകളെ ആദ്യ ഘട്ടത്തിൽ കാൻസർ സ്ക്രീനിങ്ങിന് വിധേയമാക്കുവാൻ സാധിച്ചിട്ടുണ്ട് സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള 1500ൽ പരം ആശുപത്രികളുടെ മേൽനോട്ടത്തിലാണ് സ്ക്രീനിങ് പരിശോധന സംഘടിപ്പിച്ചത്.

മലബാർ കാൻസർ സെന്ററിൽ

1) തലച്ചോർ, സുഷുമ്ന നാഡിയുമായി ബന്ധപ്പെട്ട അർബുദ ശസ്ത്രക്രിയകൾ ചെയ്യുന്നതിനായി ന്യൂറോ സർജിക്കൽ ഓങ്കോളജി വിഭാഗം ആരംഭിച്ചു.

2) പുതുതായി നിർമ്മിച്ച ന്യൂക്ലിയർ മെഡിസിൻ ബ്ലോക്ക്. SPECT CT സ്കാൻ, റേഡിയോ ന്യൂക്ലിഡ് തെറാപ്പി യൂണിറ്റ്, PET-CT സ്കാനർ എന്നിവയുള്ള ന്യൂക്ലിയർ മെഡിസിൻ വകുപ്പ് പ്രവർത്തനക്ഷമമാണ്. ഫോറസ്റ്റ് എഫ് -18 പിഎസ്എംഎ സ്കാൻ കേരളത്തിൽ ആദ്യമായി സ്ഥാപിച്ചു

3) കണ്ണുകളിലെ അർബുദവുമായി ബന്ധപ്പെട്ട ചികിത്സാ വിഭാഗമായ ഒക്യൂലർ ഓങ്കോളജി ആരംഭിച്ചു. ആദ്യത്തെ ഇൻട്രാ അർറ്റീരിയൽ കീമോതെറാപ്പി നടത്തി. 5 ഓളംപ്രൊസീജറുകൾ ഇതുവരെ വിജയകരമായി ചെയ്യുവാൻ സാധിച്ചു

4)രോഗ ബാധിത കോശങ്ങളെ സംഭരിച്ച ഭാവിയിലെ ഗവേഷണങ്ങൾക്ക് ഉപയോഗിക്കുവാനുള്ള ബയോ ബാങ്ക് സംവിധാനം 05.05.2021 നആരംഭിച്ചു. ഏകദേശം 3000 -ൽ അധികം സാമ്പിളുകൾ ഇതുവഴി ശേഖരിക്കുവാൻ സാധിച്ചിട്ടുണ്ട്.

5) എല്ലാ ലബോറട്ടറികൾക്കും NABL അക്രഡിറ്റേഷനും NABH റീ അക്രഡിറ്റേഷനും ലഭിച്ചു

6) റിബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി താക്കോൽ ദ്വാര ശസ്ത്രക്രിയ രീതി അവലംബിച്ച്, കൂടുതൽ സുരക്ഷിതമായും ഫലപ്രദമായും ചെയ്യുവാൻ സാധിക്കുന്ന റോബോട്ടിക്ക് ശസ്ത്രക്രിയകൾ 28.05.2024 ന് ആരംഭിച്ചു. ഇതുവരെ 124 റോബോട്ടിക്ക് ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയാക്കി

7) കുട്ടികളുടെ 35 ഓളം മജ്ജ മാറ്റിവെക്കൽ അടക്കം 257ൽ അധികം മജ്ജ മാറ്റിവെക്കൽ ചികിത്സ വിജയകരമായി പൂർത്തീകരിക്കുകയുണ്ടായി.

8) കുട്ടികളിലെ താലസീമിയയ്ക്കുള്ള മജ്ജ മാറ്റിവെക്കൽ 18.01.2024 നആരംഭിച്ചു

9) റിബിൾഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഡിജിറ്റൽ പാത്തോളജി ലാബ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

10) പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി3 Tesla MRI, Dexa Scan, Gallium Generatorഎന്നിവ ഉപയോഗിച്ചുള്ള രോഗ നിർണയ സംവിധാനങ്ങളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

11) NABH-ഡിജിറ്റൽ ഹെൽത്ത് സ്റ്റാൻഡേർഡ് അക്രെഡിറ്റഡ് - സിൽവർ ലെവൽ അംഗീകാരം ലഭിച്ചു

12) കോശങ്ങളെ ജനിതക വ്യതിയാനം വരുത്തി തുടർ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന ചികിത്സാ രീതിയായ CAR -T സെൽ തെറാപ്പി 19.07.2024 ന് പ്രവർത്തനമാരംഭിച്ചു. ഇതുവരെയായി 3 CAR -T സെൽ തെറാപ്പി ചെയ്തു കഴിഞ്ഞു.

13) കിഫ്ബി ഫേസ് -1 പദ്ധതിയിൽ ഉൾപ്പെടുത്തി 4 നിലകളോടു കൂടിയ കെട്ടിട സമുച്ചയം- ട്രീറ്റ്മെൻറ് ആൻഡ് അക്കാഡമിക് ബ്ലോക്ക് - 84 ബെഡുകളോട് കൂടിയ കീമോ തെറാപ്പി വാർഡ്, ബിരുദാനന്തര ബിരുദ സ്ഥാപനമായി ഉയർത്തുന്നതിന്റെ ഭാഗമായി റേഡിയേഷൻ, സർജിക്കൽ, മെഡിക്കൽ ഓങ്കോളജി

വിഭാഗങ്ങളും, ഗവേഷണ സൗകര്യങ്ങളോടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

14) നവീകരിച്ച ബ്ലഡ്ബാങ്ക്, ബയോകെമിസ്ട്രി ലാബ്, മൈക്രോബയോളജി ലാബ് എന്നിവ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മൂന്നാമത്തെ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുവാനുള്ള കെട്ടിടവും ഒരുങ്ങിയിട്ടുണ്ട് .

15) മലബാർ കാൻസർ സെന്റർ ഇന്നോവേഷൻ ഇൻകുബേഷൻ നെസ്റ്റ് (MIINT) പ്രവർത്തനമാരംഭിച്ചു. മലബാർ കാൻസർ സെന്ററിന്റെ ഇൻക്യൂബേഷൻ ഫെസിലിറ്റി ആയ MIINTൽ നിലവിൽ മൂന്നു സ്റ്റാർട്ടപ്പ് കമ്പനികൾ ഇൻക്യൂബേറ്റികളായുണ്ട്. നാലാമത്തെ സ്റ്റാർട്ടപ്പ് കമ്പനിയുടെ ഇൻക്യൂബേഷൻ നടപടികൾ നടന്ന് വരുകയും ചെയ്യുന്നു. ഫെബ്രുവരി മാസം 15ആം തീയ്യതി MIINT ന്റെ നേതൃത്വത്തിൽ നടന്ന ഹാക്കത്തോൺ പരിപാടിയിൽ മെഡിക്കൽ പ്രാക്ടീസ് മേഖലയിൽ ആവശ്യകരമായ 50തിൽപരം പ്രശ്ന പ്രസ്താവനകൾ അവതരിപ്പിക്കപെടുകയും അവയുടെ ശാസ്ത്രീയവും വാണിജ്യപരവുമായ സാധ്യതകളെ വിലയിരുത്തുകയും ചെയ്തു. പ്രസ്തുത പരിപാടിയിൽ IIT മദ്രാസ് , NIT കോഴിക്കോട്, വിവിധ എഞ്ചിനീറിയറിങ് കോളേജുകളിലെയും, വിദ്യാർത്ഥികളും സ്റ്റാർട്ടപ്പ്കമ്പനികളും പങ്കെടുത്തു. ഹാക്കത്തോണ്ണിൽനിന്നും കണ്ടത്തിയ പ്രശ്നങ്ങൾ പരിഹരിച്ചു കൊണ്ടു പുതിയ സാങ്കേതികവിദ്യ വികസിപ്പികുന്നതിനായി വിഷയ വിദഗ്ധർ അടങ്ങുന്ന ഗ്രൂപ്പുകളും രൂപികരിച്ചു.

കേരളത്തിലെ കാൻസർ കേസുകളുടെ ഗണ്യമായ വർദ്ധനവിന് അടിസ്ഥാന കാരണങ്ങൾ കണ്ടെത്തുന്നതിനും ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നതിനും മലബാർ കാൻസർ സെന്ററിൽ വിവിധങ്ങളായ ഗവേഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേരളത്തിലെ ബ്രസ്റ്റ് കാൻസറിന്റെ പാരമ്പര്യ ജനിതക പ്രത്യേകതകൾ മനസ്സിലാക്കുവാനുള്ള ഗവേഷണ പ്രവർത്തനങ്ങൾ വളരെ ഊർജ്ജിതമായി നടന്നുവരുന്നു. ബ്രസ്റ്റ് ഡിസീസ് പോലുള്ള ഉന്നതമായ ജേർണലുകളിൽ ഈ പഠനങ്ങൾപ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അത് പോലെ തന്നെ വായിലെ കാൻസറിനെ കുറിച്ചുള്ള പഠനം ICMR സാമ്പത്തിക സഹായത്തോടെ നടന്നു വരുന്നു. ഗർഭാശയഗള കാൻസറിന്റെ കാരണക്കാരനായ HPV വൈറസിനെ തിരിച്ചറിയുവാനുള്ള നൂതന ഉപകരണം

| | | | |
|---|---|---|---|
| | | | നിർമ്മിക്കുവാനുള്ള ഗവേഷണ പ്രവർത്തനങ്ങൾ C-METഉം ആയി ചേർന്ന് നടക്കുന്നു.ഇത് കൂടാതെ കാൻസർ ചികിത്സയ്ക്കാവശ്യമായ വാക്സിനുകൾ, CAR-Tസെൽ നിർമ്മിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. അതിനായി ഗവേഷണ സ്ഥാപനങ്ങളായ കണ്ണൂർ യൂണിവേഴ്സിറ്റി, കാലിക്കറ്റ് യൂണിവേഴ്സിറ്റി, കാസർഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റിഎന്നീ സ്ഥാപനങ്ങളുമായി ചേർന്ന് മലബാർ കാൻസർ സെന്റർ പ്രവർത്തിച്ചു വരുന്നു.<br><br>കാൻസർരോഗത്തിന് കാരണക്കാരായ പാരിസ്ഥിതിക കാർസിനോജനുകൾ തിരിച്ചറിയുക എന്നതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഉയർന്ന കാൻസർ നിരക്കുള്ള പ്രദേശങ്ങളിൽ പരിസ്ഥിതി നിരീക്ഷണവും എക്സ്പോഷർ വിലയിരുത്തലും നടത്തുക. അതുപോലെ തന്നെ നിത്യോപയോഗ സാധനങ്ങളിലുള്ള കാർസിനോജിനുകളുടെ അളവ് നിരന്തര നിരീക്ഷണത്തിന് വിധേയമാക്കുവാനുള്ള സംവിധാനങ്ങൾ ഒരുക്കുകയും വേണം. അതിനായുള്ള ഗവേഷണ പ്രവർത്തങ്ങളും മലബാർ കാൻസർ സെന്ററിൽ ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ പ്രാഥമികഘട്ടത്തിൽ ആണ്. |
| (ഡി) | എല്ലാവർക്കും ക്യാൻസർ ചികിത്സ ഉറപ്പുവരുത്തുന്നതിന് ക്യാൻസർ ഗ്രിഡിന്റെ മാപ്പിംഗ് എല്ലാ ജില്ലകളിലും നടന്നു വരുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | എല്ലാ ജനവിഭാഗങ്ങൾക്കും ക്യാൻസർ ഗ്രിഡ് ഫലപ്രദമാണ് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പദ്ധതി കൂടുതൽ ശക്തമായി നടപ്പിലാക്കുന്നതിന് ആരോഗ്യവകുപ്പ് നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി ക്യാൻസർ ഗ്രിഡ്ഡിനെ ഡിജിറ്റൈസ് ചെയ്യുന്നതിന് ഒരു പദ്ധതി തയ്യാറാക്കുകയും ഇതിന്റെ ഫണ്ട് ലഭ്യമാകുന്നതിന് ദേശീയ ആരോഗ്യ ദൗത്യം വഴി കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ സ്വകാര്യ ആശുപത്രികളെയും സ്വകാര്യ ലാബുകളെയും ഉൾപ്പെടുത്തിക്കൊണ്ട് ക്യാൻസർ കെയർ ഗ്രിഡ് വിപുലീകരിക്കുന്നതിനാണ് സർക്കാർ പദ്ധതിയിടുന്നത്.<br><br>ക്യാൻസർ ഗ്രിഡ് പദ്ധതി നടപ്പാക്കുന്നതിലൂടെ ക്യാൻസർ സെന്ററുകളെയും മെഡിക്കൽ കോളേജുകളെയും ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളെയും ഏകോപിപ്പിക്കുവാൻ സാധിക്കും. ക്യാൻസർ ഗ്രിഡ് മാപ്പിംഗ് ഇതിലെ ന്യൂനതകൾ പരിഹരിച്ച് മുന്നോട് കൊണ്ടുപോകാൻ സാധിക്കും.<br><br>കാൻസർ കെയർ ഗ്രിഡ് പ്രകാരം കേരളത്തിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും അവയുടെ രോഗ നിർണയ, ചികിത്സ സംവിധാനങ്ങളുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ മാപ്പിംഗ് നടത്തിയിട്ടുണ്ട്. ഇത്പ്രകാരം കേരളത്തിലെ ഓരോ |

| | | | |
|---|---|---|---|
| | | | വ്യക്തിക്കും അവരുടെ വീടിന്റെ അൻപത് കിലോമീറ്റർ ചുറ്റളവിൽ രോഗനിർണ്ണയ ചികിത്സസംവിധാനങ്ങൾ ലഭ്യമാക്കി, അതുവഴി ചിലവുകുറഞ്ഞതും, വേഗത്തിൽ എത്തിപ്പെടാവുന്നതും, മികച്ചതുമായ ചികിത്സ സംവിധാനങ്ങൾ ഉറപ്പുവരുത്തുകയാണ് ഈ ഗ്രിഡ് വഴി ലക്ഷ്യമിടുന്നത്. ഇതുവഴി എല്ലാ വിഭാഗത്തിലും പെടുന്ന ജനങ്ങൾക്ക് തുല്യമായ ചികിത്സ ലഭ്യമാവുന്നതാണ്. കൂടാതെ കാൻസർ ചികിത്സയ്ക്കായി ഇന്ന് സർക്കാരിന്റെ വിവിധ ചികിത്സ സഹായ പദ്ധതികൾ ഈ സ്ഥാപനങ്ങളിൽ ലഭ്യമാണ്. ഈ നടപടികൾ എല്ലാ ജില്ലകളിലും പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ